*പൊതുവിദ്യാഭ്യാസഡയറക്ടറുടെകാര്യാലയം*
*ഹയർസെക്കണ്ടറി (വൊക്കേഷണൽ) വിഭാഗം*
*DPI, ജഗതി, തിരുവനന്തപുരം – 695014*
**e-mail:dirvhse.dge@kerala.gov.in**

File No. VHSE/610/2026-C3

# സർക്കുലർ
## വെയ്റ്റിംഗ് ലിസ്റ്റ് പ്രകാരമുള്ള സ്പോട്ട് അഡ്മിഷനായുള്ള അപേക്ഷ സമർപ്പണ വിജ്ഞാപനം

സൂചന: G.O.(Rt) 3537/2026/GEDN Dated, Thiruvananthapuram, 25/05/2026

ഹയർ സെക്കണ്ടറി (വൊക്കേഷണൽ) മുഖ്യ/സപ്ലിമെന്ററി അലോട്ട്മെന്റിൽ അപേക്ഷിച്ചിട്ടും അലോട്ട്മെന്റ് ലഭിക്കാതിരുന്നവർക്കും ഇതുവരെയും അപേക്ഷ നൽകാൻ കഴിയാതിരുന്നവർക്കും വെയ്റ്റിംഗ് ലിസ്റ്റ് പ്രകാരമുള്ള സ്പോട്ട് അഡ്മിഷനായി **2026 ആഗസ്റ്റ് 1 മുതൽ 4 വൈകുന്നേരം 4.00 മണി വരെ** അപേക്ഷിക്കാവുന്നതാണ്. തെറ്റായ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെട്ടതിനാൽ അലോട്ട്മെന്റ് ലഭിച്ചിട്ടും പ്രവേശനം നിരാകരിക്കപ്പെട്ടവർക്കും സ്പോട്ട് അഡ്മിഷന് പരിഗണിക്കുന്നതിനായി അപേക്ഷ പുതുക്കുന്നതിനുള്ള സൗകര്യം അനുവദിച്ചിട്ടുണ്ട്.

അപേക്ഷയിലെ കാറ്റഗറി തിരഞ്ഞെടുക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കുക. SSLC മാർക്ക്ലിസ്റ്റിലെ എല്ലാ കാറ്റഗറികളും അപേക്ഷയിലേക്ക് അതുപോലെ പകർത്താൻ സാധിക്കില്ല. ഉദാഹരണത്തിന് ഈഴവ, മുസ്ലിം, മറ്റ് പിന്നോക്ക ഹിന്ദു വിഭാഗങ്ങൾ, പിന്നോക്ക ക്രിസ്ത്യൻ, ലത്തീൻ കത്തോലിക്ക, ധീവര, വിശ്വകർമ, കുശവൻ, കുടുംബി എന്നിവ SSLC യിൽ പൊതുവെ OBC എന്നായിരിക്കും രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പ്രവേശന പ്രക്രിയയിൽ പ്രത്യേക സംവരണാനുകൂല്യങ്ങൾ ഉള്ളതിനാൽ ഇവയോരോന്നും പ്രത്യേക കാറ്റഗറികളായാണ് രേഖപ്പെടുത്തേണ്ടത്. ഓരോ ജാതിയുടെയും കാറ്റഗറികൾ മനസ്സിലാക്കുന്നതിന് പ്രോസ്പെക്ടസിന്റെ അനുബന്ധം 3 നോക്കുക.

**1.** പുതുതായി അപേക്ഷ സമർപ്പിക്കുന്നതിനായി വിദ്യാർത്ഥികൾ https://admission.vhseportal.kerala.gov.in എന്ന അഡ്മിഷൻ വെബ് സൈറ്റിൽ Candidate Login നിർമിച്ച ശേഷം ലോഗിൻ ചെയ്ത് അപേക്ഷാസമർപ്പണം പൂർത്തിയാക്കാവുന്നതാണ്.

**2.** മുഖ്യ/സപ്ലിമെന്ററി അലോട്ട്മെന്റിൽ അപേക്ഷിച്ച കുട്ടികൾ സ്പോട്ട് അഡ്മിഷന് പരിഗണിക്കുന്നതിന് അപേക്ഷ പുതുക്കുന്നതിനായി ക്യാൻഡിഡേറ്റ് ലോഗിനിലെ "CONTINUE APPLICATION" എന്ന ലിങ്കിലൂടെ പുതിയ ഓപ്ഷനുകൾ നൽകി അപേക്ഷ അന്തിമമായി സമർപ്പിക്കണം.

**3.** അപേക്ഷകളുടെ പ്രിന്റൗട്ട് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കേണ്ടതും, അഡ്മിഷൻ സമയത്ത് സ്കൂളിൽ ഹാജരാക്കേണ്ടതുമാണ്.

**4.** ട്രാൻസ്ഫർ അലോട്ട്മെന്റ് അഡ്മിഷന് ശേഷം ഓരോ സ്കൂളിലും ലഭ്യമായ ഒഴിവുകൾ അഡ്മിഷൻ വെബ് സൈറ്റിലെ School/Course Vacancy എന്ന ലിങ്കിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**5.** ഒഴിവുകൾ പരിഗണിക്കാതെ കുട്ടികൾക്ക് ഓപ്ഷനുകൾ നല്കാവുന്നതും, പിന്നീടുണ്ടാകുന്ന ഒഴിവുകളിലേക്ക് വെയ്റ്റിംഗ് ലിസ്റ്റിൽ നിന്നും കുട്ടികളെ പരിഗണിക്കാവുന്നതുമാണ്.

അപേക്ഷകർക്ക് വെയ്റ്റിംഗ് ലിസ്റ്റ് പ്രകാരമുള്ള സ്പോട്ട് അഡ്മിഷന് അപേക്ഷിക്കുവാൻ വേണ്ട നിർദ്ദേശങ്ങളും സാങ്കേതിക സഹായങ്ങളും സ്കൂൾ ഹെൽപ്ഡെസ്കിലൂടെ നല്കാൻ വേണ്ട സജ്ജീകരണങ്ങൾ സ്കൂൾ പ്രിൻസിപ്പൽമാർ സ്വീകരിക്കേണ്ടതാണ്.

Digitally signed by
Naveena P
Date: 31-07-2026
13:35:35

**ഡെപ്യൂട്ടി ഡയറക്ടർ (കരിക്കുലം)**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി**